# രാഷ്ട്രീയ ഇസ്‌ലാം
# നിഷേധത്തിന്റെ ആവിഷ്കാരം

കവർസ്റ്റോറി

●

ആർ. യൂസുഫ്

**രാഷ്ട്രീയ** ഇസ്‌ലാം, മതമൗലികവാദം, മതരാഷ്ട്രവാദം, മതഭീകരത തുടങ്ങിയ സമകാലിക പ്രയോഗങ്ങളുടെ അർഥവും ലക്ഷ്യവും നിർണയിക്കേണ്ടത് പ്രസ്തുത പ്രയോഗങ്ങൾ രൂപപ്പെട്ട സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം അപഗ്രഥിച്ചുകൊണ്ടാവണം. രാഷ്ട്രീയ മാനങ്ങളില്ലാത്ത നിരപേക്ഷ പ്രയോഗങ്ങളല്ല ഈ പദാവലികൾ. മതേതര രീതിശാസ്ത്രത്തിലൂടെ മാത്രമേ സമകാലിക പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടുകൂടൂ എന്ന പാശ്ചാത്യ ധാർഷ്ട്യം ഈ പ്രയോഗങ്ങൾക്കു പിന്നിലുണ്ട്. സാമൂഹിക, സാമ്പത്തിക ഘടനകൾക്ക് ദിശ നിർണയിച്ചു കൊടുക്കാനുള്ള ഇസ്‌ലാമിന്റെ അർഹതയെ നിരാകരിക്കുക എന്ന കൃത്യമായ അജണ്ട ഈ പദാവലികളുടെ പ്രചാരകർക്കുണ്ട്. ഇസ്‌ലാമിനെ അംഗീകരിച്ചും അതിൽ നിന്ന് പ്രചോദനമുൾക്കൊണ്ടും നീതിയും വിമോചനവും സ്വപ്നം കാണുകയും അതിന്റെ സാക്ഷാത്കാരത്തിന് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും സമൂഹങ്ങളുടെയും അഭിപ്രായപ്രകടന സ്വാതന്ത്ര്യവും അവകാശങ്ങളും നിഷേധിക്കുന്നതിന് ആഗോള സാമ്രാജ്യത്വ വാദികൾക്ക് ഒരു ന്യായം അഥവാ ദാർശനിക ചട്ടക്കൂട് ആവശ്യമാണ്. പ്രസ്തുത പ്രത്യയശാസ്ത്ര പരിസരം ഒരുക്കുവാൻ അവർ തന്നെ കണ്ടെത്തിയ പ്രയോഗങ്ങളാണ് മേൽപ്പറഞ്ഞവ.

### മത-രാഷ്ട്ര വിഭജനം

ശീത യുദ്ധാനന്തര ഘട്ടമെന്നറിയപ്പെടുന്ന ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളെ ശ്രദ്ധേയമാക്കിയ രാഷ്ട്രീയ സംഭവവികാസം, ലോക വ്യാപകമായി ഇസ്‌ലാം രാഷ്ട്രീയമായി നേടിയെടുത്ത മുന്നേറ്റമാണെന്നകാര്യത്തിൽ സംശയമില്ല. ഇസ്‌ലാമിക നവജാഗരണമെന്ന ഈ നൂതന പ്രവണതയെ മതേതരമുക്തവല്കരണം(non secularisation of the world) എന്നാണ് അമേരിക്കൻ സാമൂഹിക രാഷ്ട്രീയ നിരൂപകൻ ജോർജ് വീഗൽ [1] വിശേഷിപ്പിക്കുന്നത്. ലൗകികം, ആത്മീയം എന്നിവ ജീവിതത്തിന്റെ വിരുദ്ധമായ പ്രതിഭാസങ്ങളെയാണ് പ്രതിനിധീകരിക്കുന്നതെന്നും, അവയുടെ പ്രായോഗിക ഘടനകളായ രാഷ്ട്രം, മതം എന്നീ സ്ഥാപനങ്ങൾ വേറിട്ട് നില്ക്കുന്ന സാമൂഹികാവസ്ഥയാണ് പുരോഗമനപരം എന്നുമുള്ള പാശ്ചാത്യ മുൻവിധിയെ നിരാകരിക്കുകയാണ് ഇസ്‌ലാമിക നവജാഗരണമെന്നർഥം. ഈ അർഥത്തിൽ ഈ വിശകലനം ശരിയുമാണ്. എന്നാൽ ഇസ്‌ലാമിന്റെ നേർവിപരീതമാണ് മതനിരപേക്ഷതയെന്നും, മതാധിഷ്ഠിത സമൂഹത്തിൽ മതസ്വാത

ന്ത്ര്യം, മതസഹിഷ്ണുത, മതസൗഹാർദം തുടങ്ങിയ മാനവിക മൂല്യങ്ങൾ നില നിൽക്കില്ല എന്നുമുള്ള കടുത്ത മുൻവിധി ഇത്തരം ചർച്ചകളിൽ പ്രകടമാണ്. മത സഹിഷ്ണുത, മതേതരത്വത്തെ പ്രതിഫ ലിപ്പിക്കുന്ന ഒരാധുനിക പ്രതിഭാസമാ ണെന്നും, ഒരു രാഷ്ട്രത്തിലെ ഭിന്ന മത വംശീയ വിഭാഗങ്ങളെ ഏകോപിപ്പിക്കാൻ കെൽപുള്ള തത്ത്വങ്ങളെന്ന നിലയിൽ മുതലാളിത്തവും ശാസ്ത്രവും ദേശീ യതയും രാഷ്ട്രനിർമാണ പ്രക്രിയയിൽ കാര്യമായി ഇടപെട്ടതുകൊണ്ടാണ് ഇതാ വിർഭവിച്ചതെന്നും പടിഞ്ഞാറൻ എഴു ത്തുകാർ വാദിക്കുന്നത് [2] ഈ മുൻവിധി കൊണ്ടാണ്.

പാശ്ചാത്യ നാഗരികതയുടെ ഏറ്റവും മൗലികമായ സംഭാവനകളി


അബ്ദുൽ ഖാദിർ ജസാഇരി


ഉമർ മുഖ്താർ

**മൗലിക സ്വാതന്ത്ര്യം, മനുഷ്യാവകാശം, സാമൂഹികനീതി തുടങ്ങി ഇക്കാലത്ത് രാഷ്ട്രീയ വ്യവഹാരങ്ങളായി കൊണ്ടാടപ്പെടുന്ന സങ്കൽപ്പങ്ങളെയെല്ലാം മനുഷ്യനെ ദൈവത്തോ ടടുപ്പിച്ച് നിർത്തുന്ന ഉന്നതമൂല്യങ്ങളായി കണക്കാക്കുന്ന ദർശനമാണ് ഇസ്‌ലാം. മനു ഷ്യജീവിതത്തെ സ്വകാര്യം, പൊതു എന്ന് പകുത്തുമാറ്റാതെ ഒരു ഏകകമായി കാണു കയും ആത്മീയ മൂല്യങ്ങളെ സാമൂഹിക തത്ത്വങ്ങളോട് ബന്ധിപ്പിക്കുകയും ചെയ്യുന്ന തത്ത്വശാസ്ത്രമാണ് ഇസ്‌ലാമിന്റേത്. അതുകൊണ്ടുതന്നെ ഇസ്‌ലാമിലെ പ്രവാചകന്മാർ കേവലം ആധ്യാത്മിക പ്രഭാഷകന്മാരോ സൂഫിവര്യന്മാരോ അല്ല.**

ലൊന്നായാണ് മതേതരത്വം വിലയിരുത്ത പ്പെടാറുള്ളത്. ലൗകിക ജീവിതത്തിന്റെ അന്തഃസത്തയെന്ന് വിശേഷിപ്പിക്കാവുന്ന സാമൂഹിക രാഷ്ട്രീയ പ്രക്രിയയിൽ ഇട പെടാനാവാത്തവിധം ക്രൈസ്തവ മതത്തെ ആചാരാനുഷ്ഠാനങ്ങളിൽ ഒതുക്കി നിർത്താനായത് മതേതരത്വം കൈവരിച്ച ശ്രദ്ധേയമായ നേട്ടമാ ണെന്നും വിശദീകരിക്കപ്പെടുന്നു. പടി ഞ്ഞാറൻ നാടുകളിൽ ശക്തിപ്പെട്ട ഉദാര വാദവും യുക്തിചിന്തയും ശാസ്ത്രവു മാണ് മതത്തെ (ക്രൈസ്തവതയെ) അപ്രസക്തമാക്കിയത് എന്ന് വിലയിരു ത്തുന്നവരുണ്ട്. ജനാധിപത്യത്തിന്റെ സാമ്പത്തിക ഘടനയെന്ന് വിശേഷിപ്പി ക്കാവുന്ന മുതലാളിത്തം കൈവരിച്ച ഏറ്റവും വലിയ നേട്ടമായും [3] അവരതിനെ വിലയിരുത്തുന്നു. ക്രൈസ്തവമതം ആചാരമതമായി പരിമിതപ്പെട്ടിട്ടില്ലായിരു ന്നുവെങ്കിൽ യൂറോപ്പ് ഇന്നു കൈവരിച്ച സർവപുരോഗതികളും അസാധ്യമാകുമാ യിരുന്നു എന്ന വീക്ഷണം പടിഞ്ഞാറൻ മതേതരബോധത്തിൽ ശക്തമായി നില നിൽക്കുന്നുണ്ട്. അതുകൊണ്ടാണ് ജെ. എൽ ടാൻമനെപോലുള്ള പാശ്ചാത്യ ഗ്രന്ഥകാരന്മാർ പതിനെട്ടാം നൂറ്റാണ്ടിലെ സുപ്രധാനമായ എല്ലാ സാമൂഹിക മാറ്റ ങ്ങളും, അന്നേവരെ അപ്രമാദിത്വം കൽപിച്ചുപോന്ന മതമൂല്യങ്ങൾ പ്രകൃതി വിരുദ്ധമാണെന്ന് കണ്ടെത്തിയത് മൂലമാ ണെന്ന് സമർഥിക്കാൻ ശ്രമിക്കുന്നത്. പ്രകൃതിക്കും യുക്തിക്കും ഇണങ്ങു ന്നതും ബോധപൂർവം വികസിപ്പിച്ചെടു ത്തതും സർവാംഗീകൃതവുമായ ഒരു പുതിയ ഘടനക്ക് തങ്ങൾ വിധേയമാവേ ണ്ടതുണ്ടെന്ന് അവർ തിരിച്ചറിഞ്ഞതായും അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്. മതത്തി നുണ്ടായിരുന്ന ബുദ്ധിപരവും വൈകാരി കവുമായ നിയന്ത്രണം നഷ്ടപ്പെട്ടതിന്റെ ഫലമായി യൂറോപ്പ് കൈവരിച്ച സുപ്ര ധാന നേട്ടമാണ് ജനാധിപത്യം എന്ന് സമാധാനിക്കുകയും ചെയ്യുന്നു.[4]

എന്നാൽ പാശ്ചാത്യ സംസ്കൃ തിയുടെ വേരുകൾ പുരാതന ഗ്രീക്ക് റോമൻ സംസ്കാരങ്ങളിൽ മാത്രമല്ല, ക്രൈസ്തവതയിലും പരതണമെന്ന് വിശ്വസിക്കുന്ന മതവാദികളായ ചിന്തക ന്മാർ പടിഞ്ഞാറിന്റെ നേട്ടങ്ങളെ ക്രൈസ്തവതയുടെ കൂടി വികാസ പരി ണാമമായും നേട്ടമായും വിലയിരു ത്തുന്നു. ലൗകികം, ആത്മീയം എന്ന ദ്വയ(dualism)ത്തെ ക്രൈസ്തവ സമൂഹം പണ്ടുമുതലേ വിശ്വസിച്ചിരുന്നു എന്നും അതു കാരണമാണ് പുരോഗമനപരമായ ആശയങ്ങൾ യൂറോപ്പിൽ വളർന്ന് പന്ത ലിച്ചതെന്നും അവർ സമർഥിക്കുന്നു. ലൗകികം, ആത്മീയം എന്നീ പ്രതിഭാസ ങ്ങളെയും അതിന്റെ പ്രായോഗികഘടന യായ മതം, രാഷ്ട്രം എന്നീ സംവിധാന ങ്ങളെയും സമന്വയിപ്പിച്ച് യൂറോപ്പിന്റെ ചരിത്രവും വർത്തമാനവും വിശദീകരി ക്കുന്നതിൽ മതേതര ചിന്തകന്മാരെ പോലെ മതവാദികളും പ്രതിസന്ധി നേരി ടുന്നു എന്നാണിത് കാണിക്കുന്നത്. ഈ പ്രതിസന്ധിയുടെ വേരുകൾ ദൈവിക സന്ദേശമായ ക്രൈസ്തവ മതത്തിന് ഗ്രീക്ക് റോമൻ സംസ്കൃതിയുമായുള്ള സഹവാസത്തിനിടയിൽ സംഭവിച്ച രൂപ പരിണാമങ്ങളുമായി അഗാധമായി ബന്ധ പ്പെട്ടു കിടക്കുന്നു. മതം സാമൂഹിക പ്രശ്നങ്ങളിലിടപെടുന്നത് അപകടകര മാണ് എന്ന സമകാലിക മതേതര വിശ്വാസം ക്രൈസ്തവ മതനേതൃത്വം പോലും അംഗീകരിക്കേണ്ടി വന്നത് സാംസ്കാരികമായും രാഷ്ട്രീയമായും യേശുവിന്റെ സന്ദേശങ്ങൾക്ക് അധികാര കേന്ദ്രങ്ങൾ പരിക്കേൽപിച്ചതോടെ യാണ്.[5]

വിമോചനത്തിന് ഊന്നൽ നൽകുന്ന മതങ്ങളെ അങ്ങേയറ്റം പ്രതി ലോമപരമായ രാഷ്ട്രീയ താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഒരു ആചാരമതമാക്കി മാറ്റിയെടുക്കാൻ ചരിത്രത്തിൽ ചില അധികാര കേന്ദ്രങ്ങൾ ഇടപെട്ടിട്ടു ണ്ടെന്നും, അതിന്റെ ഏററവും സഹതാ പാർഹമായ ഇരയാണ് ക്രൈസ്തവ

തയെന്നും കാണാം. ഈ ചരിത്രവസ്തുത വിസ്മരിച്ച് അതേ അധികാര കേന്ദ്രങ്ങളുമായി ഒത്തുതീർപ്പിലെത്തുകയാണ് പുരോഹിതമതം നൂറ്റാണ്ടുകളോളം തുടർന്നുവന്നത്. സീസറുമായി അധികാരതർക്കത്തിലേർപ്പെട്ട നാളുകളിൽ പോലും ബൈബിളിന്റെ മൂല്യവിചാരങ്ങളിൽ ഊന്നിനിന്നുകൊണ്ടുള്ള ഭരണക്രമത്തിന് ഭൗതികാവിഷ്കാരം നൽകുക, സാമൂഹിക -സാമ്പത്തിക ഘടനയെ പുനഃസംവിധാനിക്കുന്നതിൽ മതത്തിന് നിർവഹിക്കാനുള്ള പങ്ക് അംഗീകരിക്കുക തുടങ്ങിയ സമകാലിക മതരാഷ്ട്രീയ സംവാദങ്ങളിലെ കേന്ദ്ര പ്രമേയങ്ങളൊന്നും ഉയർന്നുവന്നിട്ടില്ല. അക്കാരണത്താൽ തന്നെ ആത്മീയാനുഭവങ്ങളിൽ മാത്രം ഒതുങ്ങിപ്പോയ ക്രൈസ്തവ മതത്തിന്റെ ഈ നിസ്സഹായാവസ്ഥയെ ശരിവെക്കുന്ന ഒരൊത്തുതീർപ്പ് ഫോർമുല മാത്രമാണ്, സീസർക്കുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും എന്ന വീതംവെപ്പ്.

ഈ ഒരു ഒത്തുതീർപ്പ് ഫോർമുല ഒരാദർശമായും ഒരു പ്രത്യയശാസ്ത്രമായും ആഘോഷിക്കുകയും അതിനെ ഒരു വാർപ്പുമാതൃകയായി സ്വീകരിച്ച് പാശ്ചാത്യേതര സമൂഹങ്ങളെ മാറ്റിപ്പണിയണമെന്ന് വാശിപിടിക്കുകയും ചെയ്യുന്നതാണ് ഏറ്റവും അപകടകരം. ഈ പാശ്ചാത്യ വാശിയെ വിസമ്മതിക്കുകയാണ് ഇസ്‌ലാം. പടിഞ്ഞാറിന്റെ പ്രത്യേക ചരിത്രപശ്ചാത്തലത്തിൽ പിറവിയെടുത്ത മതേതരത്വം, ദേശീയത തുടങ്ങിയ ആശയങ്ങളും അതിന്റെ വികസിത രൂപങ്ങളായ പ്രസ്ഥാനങ്ങളും ഇസ്‌ലാമിക സമൂഹത്തെ അഭിസംബോധന ചെയ്യാൻ നന്നായി പ്രയാസപ്പെടുന്നതിന്റെ കാരണം ഇതാണ്. പടിഞ്ഞാറൻ സെക്യുലർ നാഗരികതയുടെ ലോകക്രമത്തിന് വഴങ്ങാതെ തന്നെ ചരിത്രഗതിയെ നിർണയിക്കാനുള്ള ഇസ്‌ലാമിന്റെ അവകാശത്തെക്കുറിച്ചും മുസ്‌ലിം നാടുകളിലെ സാമൂഹിക പ്രശ്നങ്ങളെ പടിഞ്ഞാറൻ മൂല്യസങ്കൽപ്പങ്ങൾക്ക് വിധേയപ്പെടാതെ ഇസ്‌ലാമിന്റെ തന്നെ അടിസ്ഥാനത്തിൽ പരിഹരിക്കാനുള്ള മുസ്‌ലിംകളുടെ അവകാശത്തെക്കുറിച്ചും സംസാരിക്കുന്നത് മതരാഷ്ട്രവാദമായി, രാഷ്ട്രീയ ഇസ്‌ലാമായി, മതത്തിന്റെ രാഷ്ട്രീയത്തിലേക്കുള്ള നിയമവിരുദ്ധമായ കടന്നുവരലായി മുദ്രയടിക്കാനുള്ള കാരണങ്ങളും ഈ പ്രതിസന്ധിയാണ്. മതം ഇസ്‌ലാമികലോകത്തും യൂറോപ്പിലും പ്രതിനിധീകരിക്കപ്പെട്ടതും





ത്വാഹാ ഹുസൈൻ നാസർ

**മദീന കേന്ദ്രമായി പ്രവാചകൻ സ്ഥാപിച്ച രാഷ്ട്രീയക്രമം, മതവും രാഷ്ട്രവും തമ്മിലുള്ള ഏറ്റവും മനോഹരവും സൗഹാർദപരവുമായ ബന്ധത്തെ വരച്ചുകാട്ടുന്നു. മതവിശ്വാസവും ശാസ്ത്രീയാന്വേഷണങ്ങളും തമ്മിലോ, മതനേതൃത്വവും രാഷ്ട്രീയ നേതൃത്വവും തമ്മിലോ പടിഞ്ഞാറ് നിലനിന്നതു പോലുള്ള സംഘർഷങ്ങൾ ഇസ്‌ലാമിക ലോകത്ത് ഉണ്ടായിരുന്നില്ല.**

സ്വാംശീകരിക്കപ്പെട്ടതും തീർത്തും ഭിന്നമായാണ് എന്ന ചരിത്രയാഥാർഥ്യം അംഗീകരിച്ച് കാര്യങ്ങളെ വിശകലനം ചെയ്യുക എന്നതാണ് ഈ പ്രതിസന്ധി മറികടക്കാനുള്ള ഒരേ ഒരു പോംവഴി.

### മതവും രാഷ്ട്രവും ഇസ്‌ലാമിക സംസ്കൃതിയിൽ

മൗലിക സ്വാതന്ത്ര്യം, മനുഷ്യാവകാശം, സാമൂഹികനീതി തുടങ്ങി ഇക്കാലത്ത് രാഷ്ട്രീയ വ്യവഹാരങ്ങളായി കൊണ്ടാടപ്പെടുന്ന സങ്കൽപ്പങ്ങളെയെല്ലാം മനുഷ്യനെ ദൈവത്തോടടുപ്പിച്ച് നിർത്തുന്ന ഉന്നതമൂല്യങ്ങളായി കണക്കാക്കുന്ന ദർശനമാണ് ഇസ്‌ലാം. മനുഷ്യജീവിതത്തെ സ്വകാര്യം, പൊതു എന്ന് പകുത്തുമാറ്റാതെ ഒരു ഏകകമായി കാണുകയും ആത്മീയ മൂല്യങ്ങളെ സാമൂഹിക തത്ത്വങ്ങളോട് ബന്ധിപ്പിക്കുകയും ചെയ്യുന്ന തത്ത്വശാസ്ത്രമാണ് ഇസ്‌ലാമിന്റേത്. അതുകൊണ്ടുതന്നെ ഇസ്‌ലാമിലെ പ്രവാചകന്മാർ കേവലം ആധ്യാത്മിക പ്രഭാഷകന്മാരോ സ്വൂഫിവര്യന്മാരോ അല്ല. സാമൂഹിക യാഥാർഥ്യങ്ങളെ കുറിച്ച് മൗനംപാലിച്ച്, സാമൂഹിക പ്രശ്നങ്ങളെ അവഗണിച്ച്, മോക്ഷത്തിന്റേതായ സ്വകാര്യവഴികൾ കണ്ടെത്താൻ പ്രവാചകന്മാർ യത്നിച്ചിട്ടുമില്ല. മറിച്ച് പച്ചയായ മനുഷ്യന്റെ വിയർപ്പും തളർച്ചയും ദുരിതങ്ങളും തങ്ങളുടെ കൂടി ജീവിതാനുഭവമാണ് എന്ന് അംഗീകരിച്ചുകൊണ്ടുള്ള സാമൂഹിക വിമോചനത്തെക്കുറിച്ചാണ് അവർ സംസാരിച്ചത്. വാനലോകത്തെ പ്രതിനിധീകരിച്ച് ജനങ്ങളോട് സംവദിച്ച ചരിത്രത്തിലെ എല്ലാ വിശുദ്ധ പ്രവാചകൻമാരും അങ്ങനെയായിരുന്നുവെന്ന് ഖുർആൻ വിളംബരം ചെയ്യുന്നു. സാമൂഹികവിമോചനത്തെയും വിപ്ലവത്തെയും കുറിച്ചുള്ള മൂർത്തമായ കാഴ്ചപ്പാടുകൾ ഇസ്‌ലാമിക സംസ്കൃതിയുടെ ഉദാത്തഭാവമാണ്. ഇക്കാരണത്താലാണ് സമൂഹശ്രേണിയിലെ ഉന്നതകുലജാതരും ആഡംബര പ്രമത്തരുമായ വിഭാഗം നിസ്വാർഥസേവനത്തിന്റെ ജീവിക്കുന്ന മാതൃകകളായ ശുഐബ്, മൂസാ, ഈസാ(അ) പ്രവാചകന്മാരെ പ്രതിയോഗികളായി കണ്ടത്.

പ്രകൃതി, ദൈവം, സമൂഹം എന്നിവയോട് മനുഷ്യരിൽ ഓരോരുത്തർക്കും ബാധ്യതയുണ്ടെന്ന് പഠിപ്പിച്ച ഇസ്‌ലാമിക സാമൂഹിക ചിന്തയിൽ നീതി, വിമോചനം, സമത്വം തുടങ്ങിയ തത്ത്വങ്ങളുമായി ബന്ധിപ്പിച്ചാണ് രാഷ്ട്രീയ സാമൂഹിക ക്രമങ്ങൾ വ്യവഹരിക്കപ്പെട്ടത്. നീതി നിലനിർത്തേണ്ട സാമൂഹിക സംവിധാനം എന്ന നിലയിലാണ് ഖുർആൻ [6] ഭരണകൂടത്തെ വിശകലനം ചെയ്യുന്നത്. മനുഷ്യാവകാശങ്ങളെക്കുറിച്ചും [7] സ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള [8] മൗലിക സന്ദേശങ്ങൾ, നീതി സ്ഥാപിക്കാനുള്ള ആഹ്വാനം [9], മർദിതരോടൊപ്പം ചേർന്ന് നിന്നുകൊണ്ടുള്ള പോരാട്ടം [10] തുടങ്ങി ലൗകിക ജീവിതത്തിലെ വിമോചനവുമായി ബന്ധപ്പെട്ട നിരവധി സന്ദേശങ്ങൾ ഖുർആനിന്റെ പ്രത്യേകതയാണ്.


മദീന കേന്ദ്രമായി പ്രവാചകൻ സ്ഥാപിച്ച രാഷ്ട്രീയക്രമം, മതവും രാഷ്ട്രവും തമ്മിലുള്ള ഏറ്റവും മനോഹരവും സൗഹാർദപരവുമായ ബന്ധത്തെ വരച്ചുകാട്ടുന്നു. മതവിശ്വാസവും ശാസ്ത്രീയാന്വേഷണങ്ങളും തമ്മിലോ, മതനേതൃത്വവും രാഷ്ട്രീയ നേതൃത്വവും തമ്മിലോ പടിഞ്ഞാറ് നിലനിന്നതു പോലുള്ള സംഘർഷങ്ങൾ ഇസ്‌ലാമിക ലോകത്ത് ഉണ്ടായിരുന്നില്ല. മതേതരത്വം എന്ന പുതിയ മൂല്യത്തിന്റെ സർവ പ്രസക്തിയും നിരാകരിക്കും വിധം, മതപ്രചോദിതമായ ഈ രാഷ്ട്രീയ ക്രമം വിവിധ മതവിഭാഗങ്ങളോട് വെച്ചുപുലർത്തിയ

സൗഹൃദവും സാഹോദര്യവും ചരിത്രത്തിൽ അടയാളപ്പെട്ടു കിടക്കുന്നുണ്ട്. നൂറ്റാണ്ടുകളോളം തുടർന്നുവന്ന ഈ സൗഹാർദത്തിന്റെ ആഴം വ്യക്തമാക്കുന്ന സംഭവമാണ്, 1492-ൽ ഗ്രാനഡയുടെ പതനത്തെ തുടർന്ന് വടക്കെ ആഫ്രിക്കയിലേക്കും തുർക്കിയിലേക്കും പലായനം ചെയ്ത മുസ്‌ലിംകളോടൊപ്പം സ്പെയിനിലെ ജൂതന്മാരുമുണ്ടായിരുന്നു [11] എന്നത്. ക്രൈസ്തവലോകത്ത് അത്തരമൊരു ജീവിതം സാധ്യമായിരുന്നില്ല എന്നതിന്റെ സാക്ഷ്യം കൂടിയാണ് ഈ ജൂതപലായനം.

സാമൂഹികതക്ക് ഊന്നൽ നൽകുകയും രാഷ്ട്രീയ പ്രക്രിയയെ മതത്തിന്റെ അറുത്തു മാറ്റാനാവാത്ത വശമായി അംഗീകരിക്കുകയും ചെയ്യുന്ന ഇസ്‌ലാമിന്റെ ഈ നിലപാടാണ് കൊളോണിയൽ കാലഘട്ടത്തിൽ ഇസ്‌ലാമിനെ തീർത്തും ഭിന്നമായ ഒരു ചരിത്രരചനക്ക് പര്യാപ്തമാക്കിയത്. പല സമൂഹങ്ങൾക്കും അധിനിവേശ വിരുദ്ധ പോരാട്ടങ്ങൾക്ക് പ്രചോദനമേകാൻ ദേശീയ ബോധം (Nationalism) എന്ന പുതിയ ഒരാശയം വേണ്ടിവന്നപ്പോൾ, പ്രസ്തുത ആശയം ആവിർഭവിക്കുന്നതിനും മുമ്പ് തന്നെ ഏറ്റവും ശ്രദ്ധേയമായ കൊളോണിയൽ വിരുദ്ധ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകാൻ മുസ്‌ലിംകൾക്ക് സാധിച്ചു. കൊളോണിയലിസത്തിന്റെ മാനവവിരുദ്ധ ആശയങ്ങളോടുള്ള, നീതിയിലും ധർമത്തിലും വിശ്വസിക്കുന്ന ഒരു സമൂഹത്തിന്റെ അപ്രതിഹതമായ ചെറുത്തുനിൽപ്പ് എന്ന വിശേഷണത്തിലൂടെയല്ലാതെ ഈ പോരാട്ടങ്ങളെ വിശകലനം ചെയ്യാനാവില്ല. ഈ ഉജ്ജ്വല സമരത്തിന്റെ പ്രതീകങ്ങളാണ് ഇന്തോനേഷ്യയിൽ ഡച്ച് അധിനിവേശത്തിനെതിരെ പോരാട്ടം നയിച്ച അമീർ, ഫ്രഞ്ച് അധിനിവേശത്തിനെതിരെ അൾജീരിയൻ ജനതക്ക് നേതൃത്വം നൽകിയ അബ്ദുൽ ഖാദിർ, ലിബിയയിൽ ഫാസിസ്റ്റ് സേനക്കെതിരെ പോരാടി രക്തസാക്ഷ്യം വരിച്ച ഉമർമുഖ്താർ, പോർച്ചുഗീസ് സാമ്രാജ്യത്വത്തിനെതിരെ പോരാട്ടത്തിന്റെ കനല് കത്തിച്ച കേരളത്തിലെ സൈനുദ്ദീൻ മഖ്ദൂം , കുഞ്ഞാലിമരക്കാർ തുടങ്ങിയവരെല്ലാം. സ്വാതന്ത്ര്യം അപകടത്തിൽ എന്ന രാഷ്ട്രീയ യാഥാർഥ്യത്തെ മുൻനിർത്തിയുള്ള ഈ പോരാട്ടങ്ങൾക്ക് ഊർജ്ജം പകർന്നത് ഇസ്‌ലാമാണ് എന്ന വസ്തുത, ഈജിപ്തിനെ കുറിച്ച് ബ്രിട്ടീഷ് പ്രഭുസഭയെ അഭിമുഖീകരിച്ച് പ്രധാനമന്ത്രി ഗ്ലാഡ്സ്റ്റൺ നടത്തിയ


കമാൽ അത്താത്തുർക്ക്


ഹണ്ടിംഗ്ടൺ


ലുത്ഫി സയ്യിദ്

**ആചാരബന്ധിതമായ അരാഷ്ട്രീയ മതത്തിന് സാമൂഹിക വിപ്ലവത്തിൽ ഇടപെടാനാവില്ല. ഇടപെട്ടാൽ അത് അങ്ങേയറ്റം പ്രതിലോമപരമായിരിക്കും. ക്രൈസ്തവതയുടെ ചരിത്രം അത് ശരിവെക്കുന്നുണ്ട്. റോമനൈസേഷനെ തുടർന്ന് സാമൂഹിക അസമത്വങ്ങൾക്കും അനീതിക്കും എതിരെ പോരാടാനുള്ള കഴിവ് നഷ്ടപ്പെട്ട അരാഷ്ട്രീയ മതത്തിന്റെ കുറ്റകരമായ നിസംഗത മധ്യകാല യുറോപ്പിന്റെ ഇരുണ്ട സാംസ്കാരിക പശ്ചാത്തലത്തിൽ വളരെ പ്രകടമാണ്. അധികാരക്കലഹത്തിലേർപ്പെട്ടും ശാസ്ത്രീയാന്വേഷണങ്ങളെ എതിരിട്ടും ഈ മതം അതിന്റെ പ്രതിലോമപരത അടയാളപ്പെടുത്തി.**

പ്രസ്താവനയിൽ തെളിഞ്ഞു കാണാം. വിശുദ്ധ ഖുർആൻ പ്രതി ഉയർത്തിപ്പിടിച്ച് അദ്ദേഹം പ്രഖ്യാപിച്ചു, "ഈജിപ്ത്കാരുടെ കൈയിൽ ഈ ഗ്രന്ഥം അവശേഷിക്കുന്ന കാലത്തോളം നമുക്കവിടെ ഉറച്ചുനിൽക്കാനാവില്ല." [12]

എന്നാൽ ആചാരബന്ധിതമായ അരാഷ്ട്രീയ മതത്തിന് സാമൂഹിക വിപ്ലവത്തിൽ ഇടപെടാനാവില്ല. ഇടപെട്ടാൽ അത് അങ്ങേയറ്റം പ്രതിലോമപരമായിരിക്കും. ക്രൈസ്തവതയുടെ ചരിത്രം അത് ശരിവെക്കുന്നുണ്ട്. റോമനൈസേഷനെ തുടർന്ന് സാമൂഹിക അസമത്വങ്ങൾക്കും അനീതിക്കും എതിരെ പോരാടാനുള്ള കഴിവ് നഷ്ടപ്പെട്ട അരാഷ്ട്രീയ മതത്തിന്റെ കുറ്റകരമായ നിസംഗത മധ്യകാല യൂറോപ്പിന്റെ ഇരുണ്ട സാംസ്കാരിക പശ്ചാത്തലത്തിൽ വളരെ പ്രകടമാണ്. അധികാരക്കലഹത്തിലേർപ്പെട്ടും ശാസ്ത്രീയാന്വേഷണങ്ങളെ എതിരിട്ടും ഈ മതം അതിന്റെ പ്രതിലോമപരത അടയാളപ്പെടുത്തി. 1789-ലെ ഫ്രഞ്ച് വിപ്ലവത്തോട് റോമൻ കത്തോലിക്ക സഭ സ്വീകരിച്ച സമീപനത്തിലും ഈ പ്രതിലോമപരത ദർശിക്കാം. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ നേടിയെടുക്കാൻ ബഹുജനങ്ങൾ നയിച്ച പോരാട്ടത്തെ അങ്ങേയറ്റം അവജ്ഞയോടെ തള്ളിപ്പറഞ്ഞ് സഭ മർദക ഭരണകൂടത്തോടൊപ്പം ചേർന്നു.[13] ആചാരമതത്തിന്റെ പ്രതിലോമപരതയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ഗുണഭോക്താവ് ആഗോള മുതലാളിത്തവും അതിന്റെ ഉപോൽപ്പന്നമായ കൊളോണിയലിസവുമായിരുന്നു. അങ്ങനെയാണ് ഭൂഖണ്ഡങ്ങൾ കൊള്ള ചെയ്തും മനുഷ്യാത്മാക്കളെ അറുകൊലചെയ്തും താണ്ഡവമാടിയ മുതലാളിത്ത സാമ്രാജ്യത്വ താൽപര്യങ്ങൾക്ക് യൂറോപ്യൻ ക്രൈസ്തവത ചുവപ്പ് പരവതാനി വിരിച്ചത്. സ്പാനിഷ്, ഡച്ച്, പോർച്ചുഗീസ്, ഫ്രഞ്ച്, ബ്രിട്ടീഷ് അധിനിവേശ ശക്തികൾ ഏഷ്യൻ-ആഫ്രിക്കൻ-ലാറ്റിനമേരിക്കൻ നാടുകളിൽ നരമേധം നടത്തിയപ്പോൾ കോളനി ശക്തികളോടൊപ്പം ചേർന്നു നിന്ന് ആചാരമതത്തിന്റെ വ്യാപനത്തിനവർ മാർഗം കണ്ടെത്തി. എന്നല്ല ഒരു കൈയിൽ തോക്കും മറുകൈയിൽ ബൈബിളുമുയർത്തിപ്പിടിച്ചാണ് കോളനി ശക്തികൾ പലപ്പോഴും പ്രതിരോധിക്കുന്നവരെ നേരിട്ടത്.[14] അരാഷ്ട്രീയ വൽക്കരിക്കപ്പെട്ട മതത്തെ ഏറ്റവും മലിനമായി ഉപയോഗപ്പെടു

ത്തിയ ചരിത്രസന്ദർഭങ്ങളാണത്.

പക്ഷേ പടിഞ്ഞാറൻ നാടുകളിൽ ഇന്ന് പ്രത്യക്ഷപ്പെടുന്ന മത രാഷ്ട്രീയ സംവാദങ്ങളിലും, മത രാഷ്ട്രീയത്തിന്റെ അപകടങ്ങളെ കുറിച്ച് വാചാലമാവുന്ന രചനകളിലും ഈ വസ്തുതകൾ അബദ്ധത്തിൽ പോലും പരാമർശിക്കപ്പെടാറില്ല. കാരണം ഇവിടെ 'മതം' കോളനി ശക്തികളെ, സാമ്രാജ്യത്വത്തെ, അധികാര സിംഹാസനങ്ങളെ സംരക്ഷിക്കുകയാണുണ്ടായത്. ഇപ്രകാരം പ്രതിലോമ പരതയായി മുദ്രയടിക്കപ്പെട്ട ക്രൈസ്തവ മതം പിൽകാലത്ത് മുതലാളിത്തത്തിന്റെയും അതിന്റെ വികസിത ഘടനകളുടെയും മുമ്പിൽ ഒരു ആചാരമതം എന്ന നിലയിൽ പോലും സ്വന്തം സാന്നിധ്യമറിയിക്കാനാവാത്ത വിധം തിരോഭവിക്കുകയാണുണ്ടായത്. അങ്ങനെ ലോകം വെട്ടിപ്പിടിക്കാനുള്ള പാശ്ചാത്യ യത്നത്തിന് പ്രത്യക്ഷ പിന്തുണ പതിച്ചുനൽകിയ ക്രൈസതവതപാശ്ചാത്യ നാടുകളിൽ തന്നെ നിരാകരിക്കപ്പെട്ടു. സാമൂഹിക യാഥാർഥ്യങ്ങളിൽനിന്നും ഒളിച്ചോടിയ ആചാരമതത്തിന്റെ ജീർണിച്ചതും പ്രയോജനരഹിതവുമായ ചട്ടക്കൂടിനെ ബഹുജനം സ്വയം വേണ്ടെന്നുവെക്കുകയാണുണ്ടായത്.

### സ്വതന്ത്ര മുസ്‌ലിം രാഷ്ട്രങ്ങളുടെ ആദർശം

ഈ വസ്തുതകൾ മുന്നിൽ വെച്ചുകൊണ്ടാവണം സ്വാതന്ത്ര്യം പ്രാപിച്ച തൊട്ടുടനെ മുസ്‌ലിം ലോകം സാക്ഷ്യംവഹിച്ച സംവാദങ്ങളെ വായിക്കേണ്ടത്. സ്വതന്ത്ര മുസ്‌ലിം രാഷ്ട്രങ്ങളുടെ നിലനിൽപ്പിന്റെയും സാമൂഹിക ഘടനയുടെയും അടിസ്ഥാനങ്ങൾ താത്വികമായും പ്രായോഗികമായും എന്തായിരിക്കണം എന്നതായിരുന്നു ഈ സംവാദങ്ങളിലെ കേന്ദ്രപ്രമേയം. ക്രൈസ്തവതയെ ആചാരങ്ങളിൽ ഒതുക്കിയ അതേ ശക്തികൾക്ക് ഇസ്‌ലാമും ഇത്തരം ഒത്തുതീർപ്പിന്റെ ചട്ടക്കൂടിനുള്ളിൽ ഒതുങ്ങണമെന്ന് നിർബന്ധമുണ്ടായിരുന്നു. പാശ്ചാത്യ വികസന മാതൃകകൾ പിൻതുടരുന്നതും ദേശീയത, മതരാഷ്ട്ര വിഭജനം തുടങ്ങിയ പടിഞ്ഞാറൻ ആശയങ്ങൾക്കൊപ്പം ഇസ്‌ലാമിനെ വികലമായി അവതരിപ്പിക്കുന്നതുമായ ഭരണകൂടങ്ങളെ അധിനിവേശാനന്തരം മുസ്‌ലിം രാജ്യങ്ങളിൽ പ്രതിഷ്ഠിക്കുക എന്നതായിരുന്നു അതിന്ന് അവർ കണ്ടെത്തിയ ഒരു മാർഗം. ദേശീയ വിപ്ലവത്തെ തുടർന്ന് സ്വാതന്ത്ര്യം ലഭിച്ച അൾജീരിയയും ഇന്തോനേഷ്യയും പോലുള്ള രാജ്യങ്ങളെ മാറ്റിനിർത്തിയാൽ കൊളോണിയൽ കാലത്തിന്റെ തൊട്ടുടനെ മുസ്‌ലിം ലോകത്ത് നിലവിൽ വന്ന ഭരണകൂടങ്ങളെല്ലാം നയപരമായും താത്ത്വികമായും പടിഞ്ഞാറൻ രാഷ്ട്രീയ സാമ്പത്തിക സിദ്ധാന്തങ്ങളെ സ്വീകരിച്ചവരും പിന്തുണക്കുന്നവരുമായിരുന്നു[15] (ഹണ്ടിംഗ്ടൺ 1996). ഈ രാജ്യങ്ങൾ വടക്കെ അമേരിക്കയിലെയും യൂറോപ്പിലെയും മതത്തിന് നാമമാത്രമായ പൊതുപ്രാധാന്യം പോലും വകവെച്ചുകൊടുക്കാത്ത വികസന മാതൃകകൾ പിന്തുടരുമെന്നും[16] (ഹൈനസ് 1998), അത് കാലക്രമേണ പ്രസ്തുത നാടുകളിൽ ഇസ്‌ലാമിനെ അപ്രസക്തമാക്കുമെന്നുമാണ് അവർ പ്രതീക്ഷിച്ചത്. ഈ ദൗത്യം നിർവഹിക്കേണ്ട സംവിധാനങ്ങളെന്ന നിലയിലാണ് മുസ്ത്വഫ കമാലിന്റെ തീവ്ര മതേതരത്വവും ജമാൽ അബ്ദുന്നാസിറിന്റെ അറബ് നാഷനലിസവും സദ്ദാം ഹുസൈന്റെയും ഹാഫിസുൽ അസദിന്റെയും ബഅസ് സോഷ്യലിസവും പടിഞ്ഞാറൻ ലോകത്ത് വാഴ്ത്തപ്പെട്ടത്.

ഇസ്‌ലാമിന്റെ സാമൂഹിക പ്രസക്തി നിരാകരിക്കുന്ന ആശയങ്ങളുടെ ദാർശനിക പരിസരം സൃഷ്ടിച്ച് മുസ്‌ലിം ബഹുജനങ്ങളെ ഇസ്‌ലാമിക ദർശനത്തിൽ നിന്ന് വ്യതിചലിപ്പിക്കുക എന്നതായിരുന്നു അവർ സ്വീകരിച്ച മറ്റൊരു മാർഗം. ഇസ്‌ലാമിക ഭൂമികയിൽ നിന്നു കൊണ്ടല്ലാതെ, മതരാഷ്ട്ര വിഭജനത്തിലും ദേശീയതയിലുമൂന്നി മുസ്‌ലിം രാഷ്ട്രങ്ങളുടെ ചരിത്രവും വർത്തമാനവും നിർണയിക്കാൻ മുസ്‌ലിം വരേണ്യവർഗം ശ്രമം തുടങ്ങിയത് അങ്ങനെയാണ്. മുസ്ത്വഫാ കമാൽ, ലുത്ഫി സയ്യിദ്, അലി അബ്ദുർറാസിഖ്, ത്വാഹാഹുസൈൻ തുടങ്ങി ഒട്ടനവധി പേർ ഇപ്രകാരം പാശ്ചാത്യ തത്ത്വചിന്താ മാർക്കറ്റിലെ ദല്ലാളുമാരായി മുസ്‌ലിം ലോകത്ത് വേഷംകെട്ടിയിട്ടുണ്ട്. "നമ്മുടെ ഈജിപ്തീയത, ഈജിപ്ത് മാത്രമായിരിക്കണം നമ്മുടെ ഖിബ്‌ലയെന്നും അതല്ലാത്ത മറ്റൊന്നിനോടും നാം കടപ്പെടരുതെന്നും നമ്മോടാവശ്യപ്പെടുന്നു."[17] എന്നു വരെ രേഖപ്പെടുത്താൻ ചിലർ ധൈര്യപ്പെട്ടു. ■

(തുടരും)

### അവലംബം


1. Brian White, Richard Little & Michael Smith (edt) (2001), Issues in World Politics, p153, New York: Palgrave
2. Leonard Weinberg & Ami Pedahzar (2004), Religious Fundamentalism and Political Extremism, P. 20, London: Frank Cass Publishers.
3. Micheal Harrington(1993), The Politics of God's Funeral: The Spiritual Crisis of Western Civilization, New York: Holt Rinchart and Winston
4. JL Talmon, (1998) The Origin of Totalitarian Democracy, p3, London: Secker and Warburg
5. പ്രാരംഭദശയിൽ റോമൻ അധികാര സ്ഥാപനങ്ങളോട് കലഹിച്ച ക്രൈസ്തവ മതം പിൽകാലത്ത് റോമൻ ഇടപെടൽ കാരണം അരാഷ്ട്രീയവത്കരിക്കപ്പെടുകയാണുണ്ടായത്. അങ്ങനെ ഭൗതികാസക്തിയിലും യുക്തിചിന്തയിലും അധിഷ്ഠിതമായ റോമൻ-ഗ്രീക്ക് സംസ്കാരത്തിന്റെ ഭൗതികാവിഷ്കരണത്തിന് ഉപയോഗപ്പെടുത്താൻ പാകത്തിൽ ക്രൈസ്തവതയെ മാറ്റിയെടുക്കുന്നതിലും മതേതരവും പലപ്പോഴും മതവിരുദ്ധവുമായ ലക്ഷ്യങ്ങൾക്ക് പ്രസ്തുത മതത്തെ ദുരുപയോഗം ചെയ്യുന്നതിലും റോം വിജയിച്ചു. എ.ഡി. 325 ൽ ത്രിയേകത്വമാണ് യഥാർഥ ക്രൈസ്തവത എന്ന അന്തിമ തീർപ്പ് കൽപിച്ച കോൺസ്റ്റന്റയിൻ ചക്രവർത്തി മരിക്കുന്നതിന്റെ തൊട്ടുമുമ്പ് മാത്രമാണ് ക്രൈസ്തവ മതവിശ്വാസം സ്വീകരിച്ചത് എന്നത് പ്രത്യേകം പരാമർശമർഹിക്കുന്നു. Sullivan Richard E, Dennis Sherman, John B Harrison (1994), A Short History of Western Civilization, New York: McGraw-Hill, Inc
6. *അൽഹദീദ്* 25
7. *അൽഇസ്രാഅ്* 33 , *അൽമാഇദ* 32, *അൽഇസ്രാഅ്* 76
8. *അൽകഹ്ഫ്* 29, *അസ്സുമർ* 4, *അത്തൗബ* 108
9. *അന്നിസാഅ്* 58, *അൽമാഇദ* 8
10. *അന്നിസാഅ്* 75
11. ഇരുപതിനായിരം ജൂതന്മാരാണ് തുർക്കിയിലേക്ക് മാത്രമായി തുർക്കി സുൽത്താൻ അയച്ചുകൊടുത്ത കപ്പലുകളുപയോഗിച്ച് പലായനം ചെയ്തത്. വിശദാംശങ്ങൾക്ക് കാണുക. Norman Davies (1996), Europe: A History, p 454, New York: Oxford University Press
12. മുഹമ്മദ് ഖുത്വ്ബ്, *ഇസ്‌ലാം: ഇന്നലെ ഇന്ന് നാളെ* - ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
13. Jeffry Hynes,(edt) (2006), The Politics of Religion: A Survey, p148, UK: Routledge
14. David E Stannard (1993), American Holocaust: the Conquest of the New World, p66, New York: Oxford University Press
15. Samuel P. Huntington(1996), The Clash of Civilizations and the Remaking of World Order, p 214-215, New York: Simon & Schuster
16. Brian White, Richard Little & Michael Smith (edt) (2001), Issues in World Politics, p158, New York: Palgrave
17. John L. Esposito, (1987), Islam and Politics, p66, New York: Syracuse University Press